ഫോഴ്സ് ഉപകരിക്കൂ എന്നുള്ളത് വാസ്തവമാണ്. അതുകൊണ്ട് അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ഈ അഗ്നിബാധയിൽ നഷ്ടം സംഭവിച്ചവർക്ക് കാര്യമായ സഹായം നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിൽ പുതിയതായി ആരംഭിക്കുന്നതിനായി തയ്യാറാക്കിയ ഫയർ സ്റ്റേഷനുകളുടെ മുൻഗണനാപട്ടികയിൽ പതിനെട്ടാമതായിട്ടാണ് പട്ടാമ്പിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് അവിടെ ആരംഭിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ടതിൽ വാടകകെട്ടിടമോ സ്ഥലമോ പഞ്ചായത്ത് ചെലവിൽ ഇപ്പോൾ ലഭ്യമല്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ഒരു ഗവൺമെന്റ് സ്ഥലം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പോലീസിന്റെ കൈവശമുള്ള 70 സെൻറ് സ്ഥലമെങ്കിലും ഇതിന് ആവശ്യമായി വരും. അത് ആഭ്യന്തര വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത്യാവശ്യമായി ഗ്രാമപഞ്ചായത്ത് ചെലവിൽ താൽക്കാലിക കെട്ടിടവും ഗ്യാരേജും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണെങ്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാം.

(9) ചോവാലിൽ പള്ളി തെക്കേതിൽ ഗോപിയുടെ ദുരൂഹമരണം

ശ്രീ. എം. മുരളി: സർ, കഴിഞ്ഞ വ്യാഴാഴ്ച ഫെബ്രുവരി 9-ാം തീയതി വൈകിട്ട് എന്റെ നിയോജകമണ്ഡലമായ മാവേലിക്കര ചെന്നിത്തല തെക്ക് ചോവാലിൽ തെക്കേതിൽ ഗോപി എക്സൈസ് റെയ്ഡിനെത്തുടർന്ന് അച്ചൻകോവിൽ ആറ്റിലെ വലിയ പെരുമ്പുഴക്കടവ് ഭാഗത്ത് മുങ്ങിമരിച്ച സാഹചര്യമുണ്ടായി. ഇക്കാര്യത്തിൽ ശക്തമായ ജനവികാരം ഉയർന്നുവന്നിരിക്കുകയാണ്. എക്സൈസുകാർ നടത്തുന്ന റെയ്ഡ് നിയമപരമായ നടപടിയാണ്. പക്ഷേ ആ റെയ്ഡ് വേളയിൽ ഗോപിയെ അവർ കല്ലെറിഞ്ഞുവെന്നും ആക്രമിച്ചുവെന്നുമുള്ള ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. അങ്ങനെ അച്ചൻകോവിൽ ആറ്റിൽ എടുത്തുചാടിയ ഗോപി രക്ഷപ്പെടാനാകാതെ മുങ്ങിമരിച്ച സാഹചര്യം ഉണ്ടായി. പോസ്റ്റുമാർട്ടത്തിനുശേഷം ബന്ധുക്കളും നാട്ടുകാരുംകൂടി ഗോപിയുടെ മൃതശരീരം എക്സൈസ് ഓഫീസിന്റെ മുമ്പിൽ കൊണ്ടുവച്ച് ശക്തിയായ പ്രതിഷേധം ഉയർത്തി. പോലീസ് ഇടപെട്ട് നിഷ്പക്ഷമായി കേസന്വേഷിച്ച് ഇക്കാര്യത്തിൽ യാഥാർത്ഥ്യം പുറത്തുകൊണ്ടുവരുമെന്നും ആക്രമണം ഉണ്ടായിട്ടുണ്ടെങ്കിൽ കർശനമായ നടപടി സ്വീകരിക്കുമെന്നും ഉറപ്പു നൽകിയിരിക്കുകയാണ്. മൂന്ന് പെൺകുട്ടികളുടെ പിതാവാണ് ഗോപി. നിരാലംബമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഈ കുടുംബത്തെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുകയും ഇക്കാര്യത്തിൽ ആരുടെയെങ്കിലും ഭാഗത്തുനിന്നും വഴിവിട്ട നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എക്സൈസുകാർ കള്ളച്ചാരായം വാറ്റുന്നത് പിടിക്കാൻവേണ്ടി വ്യാപകമായി റെയ്ഡ് നടത്താറുണ്ട്. ഈ സ്ഥലത്തും എക്സൈസ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻ റെയ്ഡിനു ചെന്നപ്പോൾ വാറ്റിൽ ഏർപ്പെട്ടിരുന്ന ആളുകൾ ഉദ്യോഗസ്ഥരെ കണ്ട ഉടനെ പുഴയിൽ എടുത്തു ചാടി ; അല്ലാതെ ഓടിച്ചിട്ടൊന്നുമല്ല. എക്സൈസ് ഉദ്യോഗസ്ഥരെ കണ്ട ഉടൻതന്നെ ആറ്റിൽച്ചാടി നീന്തി. അക്കരെ എത്തുന്നതിനുമുമ്പ് താണുപോയി. അങ്ങനെയാണ് ഗോപി മരിച്ചത് എന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. നാട്ടുകാർക്ക് പ്രതിഷേധം ഉള്ളതുകൊണ്ടും ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിക്കാൻ ബാദ്ധ്യസ്ഥനായതുകൊണ്ടും എനിക്കു കിട്ടിയ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ചും ക്രൈം കേസ് രജിസ്റ്റർചെയ്ത് അന്വേഷിക്കുന്നുണ്ട്. അന്വേഷണത്തിൽ ആരുടെ എങ്കിലും ഭാഗത്ത് കുറ്റം ഉണ്ടെങ്കിൽ നടപടി സ്വീകരിക്കും.

(10) സർക്കാർ വകുപ്പുകളിലെ അനധികൃത നിയമനങ്ങൾ

ശ്രീ. മത്തായി ചാക്കോ : കേരളം നാൽപ്പത് ലക്ഷത്തോളം തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള ഒരു സംസ്ഥാനമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമനം സംബന്ധിച്ച എല്ലാ നിയമപരമായ സംവിധാനങ്ങളും അട്ടിമറിച്ചുകൊണ്ട് പി.എസ്.സി.-യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും നോക്കുകുത്തികളാക്കി കൊണ്ട് പതിനായിരക്കണക്കിനാളുകളെ പിൻവാതിലിലൂടെ നിയമിച്ച പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. സാധാരണയായി ബോർഡുകളിലും കോർപ്പറേഷനുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമൊക്കെയാണ് ഇത് നടക്കുന്നത്. ഇപ്പോഴത്തെ നിയമനത്തിൽ ഒരു പ്രത്യേകത ഉണ്ട്. ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ രണ്ടുപേരെ ഇതിനകം നിയമിച്ചുകഴിഞ്ഞു. ഞാൻ അതിന്റെ ഉത്തരവ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പൊതുഭരണ വകുപ്പിൽനിന്നും ജി. മോളി. മോളിയുടെ അപേക്ഷ തീയതി വയ്ക്കാത്തതാണ്. കേരള സർക്കാരിന്റെ ഉത്തരവാണ്. മോളിയുടെ തീയതി വയ്ക്കാത്ത നിവേദനത്തിന്റെ മുകളിൽ മോളിയുടെ ഇത്രയും കാലത്തെ ജോലിയെപ്പറ്റി പറയുന്നുണ്ട്. 2001-ലാണ് നിയമിച്ചത്. അവരുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത്, മോളിയുടെ ആവശ്യം പ്രത്യേക കേസായി പരിഗണിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു. ഈ ഉത്തരവ് ഒരു കീഴ്വഴക്കമായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു. മോളിക്ക് എന്താണ് പ്രത്യേകത ? ഇവിടെയുള്ള പതിനായിരക്കണക്കിന് ചെറുപ്പക്കാരുടെ പട്ടികയിൽ വരുന്ന ഒരാളാണ്. അവർക്ക് ജോലി കിട്ടുന്നതിൽ എനിക്ക് വിരോധമില്ല. മോളിയുടെ കേസ് എങ്ങനെയാണ് ഈ ഗവണ്മെന്റ് പ്രത്യേക കേസായി പരിഗണിച്ചത് ? അതുപോലെ പി. രാജീവിനെ പാർട്ട് ടൈം ഗാർഡനറായി നിശ്ചയിച്ചിരിക്കുന്നു. പത്ത് പോസ്റ്റുകളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നിയമനം നടത്താൻ വേണ്ടിയാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നതെന്നാണ് പറയുന്നത്. ഈ അനധികൃത നിയമനങ്ങൾ നിർത്തണം. അതുപോലെതന്നെ യൂത്ത് വെൽഫെയർ ബോർഡിലെ നിയമനം. 14 ജില്ലാ ഓഫീസുകളിൽ 14 വെൽഫെയർ ഓഫീസർ, 28 ക്ലാർക്കുമാർ. അതുപോലെ കെ.എസ്.ഇ.ബി.-യുടെ എല്ലാ ഡിവിഷനുകളിലും റിട്ടയർ ചെയ്ത ആളുകളെ നിയമിച്ചു കഴിഞ്ഞിരിക്കുകയാണ്. സി-ഡിറ്റിൽ എഴുപതിലധികം ആളുകളെ നിശ്ചയിച്ചിരിക്കുന്നു. കെ.എസ്.ആർ.ടി.സി. പുതിയ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുന്നു എന്ന പേരിൽ 10 ഓവർസിയർ, 10 സ്വീപ്പർ, 3 സൈറ്റ് എഞ്ചിനീയർ,

LIBRARY ARCHIVES Kerala Legislative Assembly